(ബി) പണാപഹരണത്തിനും, കള്ള ചെല്ലാൻ അടച്ചു എന്ന കാരണത്താലും, എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്;

(സി) നെടുമങ്ങാട് ഫീ ഡാഫീസർ ആയിരുന്ന ആളെ കുറിച്ചുള്ള പരാതികൾ എന്തെല്ലാം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പിന്നാക്ക സമുദായോന്നമനവകുപ്പിൽ ആകെ 12 ഫീൽഡാഫീസറന്മാരുണ്ട്.

(ബി) താൽക്കാലിക പണാപഹരണത്തിനും, കാഷ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയതിനും ഒരു ഫീൽഡാഫീസറെ ശിക്ഷിച്ചിട്ടുണ്ട്.

(സി) നെടുമങ്ങാട് ഫീൽഡാഫീസറായിരുന്ന, ശ്രീ. കെ. വാസുദേവന്റെ പേരിലുള്ള പരാതികൾ താൽക്കാലിക പണാപഹരണം, കാഷ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തൽ ഇവയായിരുന്നു.

ശ്രീ. പി. കുഞ്ഞൻ: ശിക്ഷ എന്തായിരുന്നു?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആറുമാസത്തെ സസ്പെൻഷൻ.

പൊതുജനാരോഗ്യവകുപ്പിലേയ്ക്ക് ഗ്രാൻറ്

* 703. [13] ശ്രീ. ആർ. പ്രകാശം: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പൊതുജനാരോഗ്യവകുപ്പിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും തുക ഗ്രാന്റായോ മറ്റു പ്രകാരത്തിലോ ഗവണ്മെന്റിനു ലഭിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1953–54, 54–55, 55–56, എന്നീ വർഷങ്ങളിൽ ഏതെല്ലാം ഇനത്തിൽ എത്ര രൂപ അനുവദിച്ചു, എത്ര രൂപ പ്രയോജനപ്പെടുത്തി?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) പൊതുജനാരോഗ്യവകുപ്പിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽനിന്നും ഗ്രാൻറ് ലഭിച്ചിട്ടുണ്ട്.

(ബി) വിവരമടങ്ങിയ † സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം: ഈ തുകയിൽ ഒരു വലിയ ഭാഗം ലാപ്സായിപ്പോയിട്ടില്ലേ?

ശ്രീ. എ. എ. റഹീം: വാട്ടർസപ്ലൈ തുടങ്ങിയ ഇനങ്ങളിലായി ചില പ്രവർത്തനങ്ങൾക്കു കൊള്ളിച്ചിരുന്ന തുക, ശരിയായ പരിശീലനം ലഭിച്ച എൻജിനീയർമാരുടെ കുറവുകൊണ്ടു വേണ്ടപോലെ ചെലവുചെയ്യാൻ സാധിച്ചിട്ടില്ല. പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി കുറെയൊക്കെ ചെലവുചെയ്യാൻ സാധിക്കും.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഈ സ്കീം എന്നാരംഭിക്കും?

ശ്രീ. പന്ന്യൻ രവീന്ദ്രൻ : ജനുവരി ഒന്നാംതീയതി ഇതിന്റെ പ്രവർത്തനം ആരംഭിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : വർഷംതിരിച്ചുള്ള തുകയൊന്നു വായിക്കാമോ?

ശ്രീ. എ. എ. റഹിം : കൂടുതൽ സമയം എടുക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : 53-54-ലും, 54-55-ലും കിട്ടിയ തുകയിൽ ഏതു വർഷത്തേതാണു കൂടുതൽ?

ശ്രീ. എ. എ. റഹിം : നാലഞ്ചു മാസങ്ങൾക്കുള്ളിലായിട്ടാണ് വാങ്ങിയിട്ടുള്ളത്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : 53-54-ൽ കിട്ടിയിട്ടുള്ളതിൽ നിന്നും വളരെ കുറവാണ് 55-56-ൽ കിട്ടിയിട്ടുള്ളതെന്നു വ്യക്തമല്ലേ?

ശ്രീ. എ. എ. റഹിം : അങ്ങനെ ആണെന്നു തോന്നുന്നില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : 53-54-ലേക്കും, 54-55-ലേക്കും കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുള്ള തുക കൂടുതൽ ലാപ്സായിപ്പോയതുകൊണ്ട് 55-56-ലേക്ക് വളരെ കുറച്ചു തുകയേ അനുവദിച്ചിട്ടുള്ളൂ എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : 55-56-ലേക്ക് കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : എൻജിനീയറിംഗ് സംബന്ധിച്ച പരിശീലനം സിദ്ധിച്ചവരുടെ സേവനം ലഭിക്കുന്നതിനു ഡിപ്പാർട്ടുമെന്റ് എന്തു നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. എ. എ. റഹിം : എൻജിനീയറിംഗ് സംബന്ധിച്ച പരിശീലനത്തിനായി പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിൽനിന്നും ആളുകളെ അയച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : തീരപ്രദേശങ്ങളിൽ വളരെ നാളായി ജലവിതരണത്തിനുവേണ്ടി നടത്തിവരുന്ന വേദനങ്ങളും അപേക്ഷകളും നടത്തിയതിന്റെ ഫലമായി അനുവദിച്ച തുകയല്ലേ കഴിഞ്ഞ രണ്ടു വർഷങ്ങളായി ലാപ്സായിപ്പോയത്?

ശ്രീ. എ. എ. റഹിം : അതെ തുക ലാപ്സായിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ വക പ്രവർത്തനങ്ങൾ കഴിയുന്നതും വേഗം ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എ. റഹിം : ഈ വർഷത്തിൽത്തന്നെ രണ്ടുമൂന്നു മാസത്തിനുള്ളിൽ അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതാണ്. മിക്കവാറും തുക ഈ ആവശ്യത്തിനുതന്നെ ചെലവാക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : കരുനാഗപ്പള്ളിത്താലൂക്കിൽ മാത്രമാണോ ജലവിതരണപദ്ധതി ആരംഭിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : നഗരത്തിന്റെ നാനാഭാഗങ്ങളിലും.

ശ്രീ. പ്രാക്കുളം ഭാസി : തിരുവല്ലാ, മാവേലിക്കര മുതലായ താലൂക്കുകളിൽ ഇതു സംബന്ധിച്ച പ്രവർത്തനം നടത്തുമോ ?

ശ്രീ. എ. എ. റഹിം : അവിടെയും നടത്തുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : കൊല്ലം, ശക്തികുളങ്ങര എന്നീ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുമോ?

ശ്രീ. എ. എ. റഹിം : ഓരോ സ്ഥലത്തേക്കും ആവശ്യംപോലെ വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : പ്രയാറിട്ടി നിശ്ചയിക്കുന്ന ലിസ്റ്റുണ്ടോ?

ശ്രീ. എ. എ. റഹിം : അങ്ങിനെ ഒരു ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : ആ ലിസ്റ്റിൽ വല്ല വ്യതിയാനവും വരുത്തിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : വ്യതിയാനമൊന്നും വരുത്തിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഇപ്പോൾ പ്രയാറിട്ട് ഏതു താലൂക്കിനാണ്.

ശ്രീ. എ. എ. റഹിം : ഇപ്പോൾ കുഴക്കിണർ കുഴിപ്പിക്കുന്ന കാര്യത്തിൽ ഫസ്റ്റ് പ്രയാറിട്ടി കരുനാഗപ്പള്ളി താലൂക്കിനാണ് ഇപ്പോൾ ഒരു യന്ത്രം ഉള്ളതുകൊണ്ടാതെ, രണ്ടാമതു് ഒരെണ്ണം പഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്നതിനു് പബ്ലിക്ക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിനെ ഏല്പിച്ചിട്ടുണ്ട്. കൂടാതെ രണ്ടു യന്ത്രങ്ങൾകൂടി വരുത്തുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : അങ്ങനെ ആകെ നാലു യന്ത്രങ്ങൾ ഉണ്ടെന്നാണോ വിശ്വസിക്കേണ്ടതു്?

ശ്രീ. എ. എ. റഹിം : അതെ.

ശ്രീ. പ്രാക്കുളം ഭാസി : പുതിയ രണ്ടു യന്ത്രങ്ങൾ എന്നത്തേക്ക് പ്രതീക്ഷിക്കാം?

ശ്രീ. എ. എ. റഹിം : ഒന്നരണ്ടു മാസത്തിനുള്ളിൽ കിട്ടുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : ഒന്നരണ്ടു മാസങ്ങൾക്കുള്ളിൽ തീരപ്രദേശങ്ങളിലെ ശുദ്ധജലദാരിദ്ര്യം പരിഹരിക്കപ്പെടുമോ ?

ശ്രീ. എ. എ. റഹിം : അങ്ങിനെ പ്രതീക്ഷിക്കാം.

കുളനൈസേഷൻ പദ്ധതികൾ.

* 704. [14] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1954–55, 55–56 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തു് എത്ര കുളനൈസേഷൻപദ്ധതികൾ ആരംഭിച്ചു; എവിടെയെല്ലാം;

(ബി) 55–56-ൽ ഇനിയുള്ള മാസങ്ങളിൽ പുതുതായി എവിടെയെങ്കിലും പദ്ധതികൾ ആരംഭിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly